www.societytodaynews.com

# സൊസൈറ്റി ടുഡേ



SOCIETY TODAY
e-paper




# ഇന്ത്യ–യുകെ വ്യാപാരക്കരാർ അതുല്യമായ അവസരങ്ങൾ: ബ്രിട്ടീഷ് പ്രധാനമന്ത്രി

**മുംബൈ:** ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാരക്കരാറിനു കീഴിൽ അതുല്യമായ അവസരങ്ങളാണ് കാത്തിരിക്കുന്നതെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമർ. പ്രധാനമന്ത്രിയായി അധികാരമേറ്റ ശേഷമുള്ള ആദ്യ ഇന്ത്യാസന്ദർശനത്തിന് എത്തിയതായിരുന്നു അദ്ദേഹം.

2028 ഓടെ മൂന്നാമത്തെ വലിയ ആഗോള സമ്പദ്‌വ്യവസ്ഥയിലേക്കുള്ള ഇന്ത്യൻ കുതിപ്പിന്റെ ലോഞ്ച്പാഡായി വ്യാപാര കരാർ മാറുമെന്നും സ്റ്റാർമർ പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി മുംബൈയിൽ വിമാനമിറങ്ങിയ സ്റ്റാർമർക്കൊപ്പം 125 പേരടങ്ങുന്ന പ്രതിനിധി സംഘവുമുണ്ട്.

പ്രമുഖ ബിസിനസുകാർ, സംരംഭകർ, സർവകലാശാല വൈസ് ചാൻസലർമാർ തുടങ്ങിയവരാണ് സംഘത്തിലുള്ളത്. ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സ്റ്റാർമർ കൂടിക്കാഴ്ച നടത്തും. സ്വതന്ത്ര വ്യാപാരക്കരാറിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ച് രണ്ടര മാസത്തിനു ശേഷമാണ് സ്റ്റാർമറുടെ ഇന്ത്യാ സന്ദർശനം.



'ജൂലൈയിൽ ഞങ്ങൾ സ്വതന്ത്ര സാമ്പത്തിക വ്യാപാര കരാറിൽ ഒപ്പിട്ടു. എന്നാൽ കഥ അവിടെ അവസാനിക്കുന്നില്ല. വ്യാപാര കരാർ വെറും പേപ്പർ കഷണങ്ങളല്ല, വളർച്ചയ്ക്കുള്ള തുടക്കം കൂടിയാണ്. 2028ഓടെ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സമ്പദ്‌വ്യവസ്ഥയാകാൻ പോകുന്ന ഇന്ത്യയുമായുള്ള വ്യാപാരബന്ധം എളുപ്പവും ചെലവ് കുറഞ്ഞതുമാകും. ഇതുവഴി വരാനിരിക്കുന്ന അവസരങ്ങൾ സമാനതകളില്ലാത്തതാണ്' സ്റ്റാർമർ പറഞ്ഞു.

ഇന്ത്യയുകെ സാമ്പത്തിക വ്യാപാര കരാർ പ്രകാരം, ഇന്ത്യയുടെ കയറ്റുമതിയുടെ ഏകദേശം 99 ശതമാനത്തിനും യുകെയിൽ തീരുവ ഒഴിവ് ലഭിക്കും. കൂടാതെ, 90 ശതമാനം യുകെ ഉത്പന്നങ്ങൾക്കുള്ള ഇറക്കുമതി തീരുവകളും ഇല്ലാതാകും.



# ഫോബ്സിന്റെ ടോപ്100 ഇന്ത്യൻ സമ്പന്ന പട്ടിക പുറത്ത്; ഒന്നാമൻ മുകേഷ് അംബാനി

**ന്യൂദൽഹി:** ഫോബ്സ് മാഗസിന്റെ 2025ലെ ടോപ്100 ഇന്ത്യൻ അതിസമ്പന്ന പട്ടികയിൽ 105 ബില്യൻ ഡോളർ (ഏകദേശം 9.25 ലക്ഷം കോടി രൂപ) ആസ്തിയുമായി റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി ഒന്നാംസ്ഥാനത്ത്. അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയും കുടുംബവുമാണ് രണ്ടാമത്, ആസ്തി 92 ബില്യൻ (8.10 ലക്ഷം കോടി രൂപ). വ്യക്തിഗത ആസ്തി 100 ബില്യൻ ഡോളറിനു മുകളിലുള്ള ഏക ഇന്ത്യക്കാരനും മുകേഷ് അംബാനിയാണ്.

ഒ.പി. ജിൻഡാൽ ഗ്രൂപ്പ് മേധാവി സാവിത്രി ജിൻഡാലും കുടുംബവുമാണ് മൂന്നാംസ്ഥാനത്ത് (40.2 ബില്യൻ). ഭാരതി എന്റർപ്രൈസസ് മേധാവി സുനിൽ മിത്തലും കുടുംബവും 34.2 ബില്യനുമായി നാലാം സ്ഥാനത്തുണ്ട്. എച്ച്സിഎൽ ടെക് സ്ഥാപകൻ ശിവ് നാടാർ (33.2 ബില്യൻ), ഡിമാർട് റീട്ടെയ്ൽ ശൃംഖലയുടെ ചെയർമാൻ രാധാകിഷൻ ദമാനിയും കുടുംബവും (28.2 ബില്യൻ), സൺ ഫാർമ മേധാവി ദിലിപ് സാംഘ്‌വിയും കുടുംബവും (26.3 ബില്യൻ), ബജാജ് കുടുംബം (21.8 ബില്യൻ), സെറം ഇൻസ്റ്റിറ്റ്യൂട്ട് മേധാവി സൈറസ് പൂനാവാല (21.4 ബില്യൻ), ആദിത്യ ബിർള ഗ്രൂപ്പ് സാരഥി കുമാർ മംഗളം ബിർള (20.7 ബില്യൻ) എന്നിവരാണ് യഥാക്രമം ടോപ് 10ലുള്ള മറ്റുള്ളവർ.

യുഎസിന്റെ പ്രസിഡന്റായി രണ്ടാമതും ചുമതലയേറ്റ ഡോണൾഡ് ട്രംപ് 50% ഇറക്കുമതി തീരുവ ഏർപ്പെടുത്തിയത് ഇന്ത്യയ്ക്ക് തിരിച്ചടിയായെന്ന് അഭിപ്രായപ്പെട്ട ഫോബ്സ്, കേന്ദ്രസർക്കാർ ജിഎസ്ടി വെട്ടിക്കുറച്ചത് പ്രതിസന്ധി തരണം ചെയ്യാൻ സഹായകമാണെന്നും വ്യക്തമാക്കി. കാറുകൾ ഉൾപ്പെടെയുള്ളവയ്ക്ക് വില കുറയാനും ഉപഭോക്തൃവിപണി മെച്ചപ്പെടാനും ഇതു സഹായിക്കും. അതേസമയം, രൂപ തളർന്നതും സെൻസെക്സ് 3% താഴെപ്പോയതും ശതകോടീശ്വരന്മാരുടെ ആസ്തിയെ ബാധിച്ചു. ടോപ്100 ഇന്ത്യൻ സമ്പന്നരുടെ സംയോജിത ആസ്തി 9% കുറഞ്ഞ് ഒരു ട്രില്യൻ ഡോളറായെന്നും ഫോബ്സ് വ്യക്തമാക്കി.

മലയാളികളിൽ വ്യക്തിഗത ആസ്തിയിൽ ഏറ്റവും മുന്നിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയാണ്. പട്ടികയിൽ 49ാം സ്ഥാനത്തുള്ള യൂസഫലിയുടെ ആസ്തി 5.85 ബില്യൻ ഡോളർ (ഏകദേശം 51,400 കോടി രൂപ). അതേസമയം, കുടുംബങ്ങളെയും പരിഗണിച്ചാൽ മുന്നിൽ 23ാം സ്ഥാനത്തുള്ള മുത്തൂറ്റ് ഫിനാൻസ് കുടുംബമാണ് (ആസ്തി 10.4 ബില്യൻ).

ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് 5.3 ബില്യൻ ഡോളറുമായി 54ാം സ്ഥാനത്തുണ്ട്. ആർ.പി ഗ്രൂപ്പ് സാരഥി രവി പിള്ള 4.1 ബില്യനുമായി 73–ാം സ്ഥാനത്താണ്. ജെംസ് എജ്യുക്കേഷന്റെ മേധാവി സണ്ണി വർക്കി 78ാമതും (4 ബില്യൻ) ഇൻഫോസിസ് സഹസ്ഥാപകൻ എസ്. ഗോപാലകൃഷ്ണൻ 84ാമതുമാണ് (3.7 ബില്യൻ). ശോഭ ഡവലപ്പേഴ്സിന്റെ സ്ഥാപകൻ പിഎൻസി മേനോൻ 3.6 ബില്യൻ ഡോളറുമായി പട്ടികയിൽ ഇടംപിടിച്ചു, 87ാം സ്ഥാനത്താണ് അദ്ദേഹം. കല്യാൺ ജ്വല്ലേഴ്സ് സാരഥി ടി.എസ്. കല്യാണരാമൻ 3.25 ബില്യനുമായി 98ാം സ്ഥാനത്തുണ്ട്.

# ഇന്ത്യയ്ക്കുള്ള ഡിസ്കൗണ്ട് ഇരട്ടിയാക്കി റഷ്യ; ഇറക്കുമതി കൂട്ടാൻ ഇന്ത്യ

**ന്യൂദൽഹി:** ക്രൂഡ് ഓയിൽ വാങ്ങുന്നതിന് ഇന്ത്യയ്ക്ക് നൽകുന്ന ഡിസ്കൗണ്ട് ഇരട്ടിയാക്കി റഷ്യ. ജൂലൈ-ഓഗസ്റ്റ് കാലയളവിൽ ബാരലിന് വിപണി വിലയേക്കാൾ ഒരു ഡോളർ ഡിസ്കൗണ്ടായിരുന്നു ഇന്ത്യൻ കമ്പനികൾക്ക് റഷ്യ നൽകിയിരുന്നത്. നവംബറിലേക്കുള്ള ഇറക്കുമതിക്ക് ഇതു 2 മുതൽ 2.50 ഡോളർ വരെയായി ഉയർത്തിയെന്ന് ഒരു വിദേശ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ക്രൂഡ് ഓയിൽ വിലയിൽ ബാരലിന് ഓരോ ഡോളർ കുറയുമ്പോഴും ഇറക്കുമതിച്ചെലവിൽ ശതകോടികൾ ലാഭിക്കാൻ ഇന്ത്യയ്ക്കു കഴിയും.

അതുകൊണ്ടുതന്നെ, ഇന്ത്യൻ കമ്പനികൾ നവംബറിലും വൻതോതിൽ റഷ്യൻ എണ്ണ വാങ്ങിക്കൂട്ടിയേക്കും. ഈ മാസം പ്രതിദിനം 17 ലക്ഷം ബാരൽ വീതം റഷ്യൻ എണ്ണ ഇന്ത്യൻ കമ്പനികൾ വാങ്ങുന്നുണ്ടെന്ന് ഈ രംഗത്തെ നിരീക്ഷണസ്ഥാപനമായ കെപ്ലറിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഓഗസ്റ്റിനേക്കാൾ 6% അധികമാണിത്. നവംബറിൽ ഇറക്കുമതി ഇതിലും കൂടാം.



അതേസമയം, യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ത്യയ്ക്കുമേൽ റഷ്യൻ എണ്ണ ഇറക്കുമതിക്കുള്ള പിഴയെന്നോണം 25% അധിക തീരുവ പ്രഖ്യാപിച്ചിരുന്നു. ഇന്ത്യയ്ക്കുമേൽ യുഎസ് ഇപ്പോൾ ചുമത്തുന്ന മൊത്തം തീരുവ 50 ശതമാനമാണ്. തീരുവഭാരം കുറയ്ക്കാനും യുഎസുമായുള്ള വ്യാപാരക്കരാർ അനുകൂലമാക്കി മാറ്റാനുമായി വൻതോതിൽ അമേരിക്കൻ എണ്ണ വാങ്ങാനുള്ള നീക്കങ്ങൾ ഇന്ത്യൻ കമ്പനികൾ നടത്തുന്നുണ്ട്.

പരമ്പരാഗത എണ്ണ സ്രോതസ്സുകളായ ഗൾഫ് രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതി ഉയർത്താനും ഇന്ത്യൻ കമ്പനികൾ ശ്രമിക്കുകയാണ്. ഈ സാഹചര്യത്തിലുമാണ്, ഏറ്റവും വലിയ രണ്ടാമത്തെ ഉപഭോക്താവായ ഇന്ത്യയെ ഒപ്പംനിലനിർത്താനായി റഷ്യൻ കമ്പനികൾ ഡിസ്കൗണ്ട് കൂട്ടിയത്. ചൈനയാണ് ഇപ്പോഴും ഏറ്റവുമധികം റഷ്യൻ എണ്ണ വാങ്ങുന്നതെങ്കിലും ഇന്ത്യയ്ക്കു മാത്രമേ ട്രംപ് പിഴച്ചുങ്കം പ്രഖ്യാപിച്ചിട്ടുള്ളൂ. യുഎസുമായുള്ള ഇന്ത്യയുടെ വ്യാപാരക്കരാർ ചർച്ചകൾ ഇപ്പോഴും സമവായമാകാതെ നീളുന്ന പശ്ചാത്തലത്തിലുമാണ് ഇന്ത്യയ്ക്കുള്ള ഡിസ്കൗണ്ട് റഷ്യ കൂട്ടിയത്.




# ജൈറ്റെക്സ് ഗ്ലോബൽ 2025ൽ ശ്രദ്ധേയമായ പങ്കാളിത്തത്തിന് ഒരുങ്ങി കേരള ഐടി മേഖല

**കൊച്ചി:** ജൈറ്റെക്സ് ഗ്ലോബൽ 2025 ൽ കേരളത്തിന്റെ ഐടി മേഖലയും ഭാഗമാകും. കേരള ഐടിയുടെയും, കേരളത്തിലെ ടെക്നോളജി കമ്പനികളുടെ കൂട്ടായ്മയായ, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസിന്റെയും നേതൃത്വത്തിൽ, സംസ്ഥാനത്ത് നിന്നുള്ള 28 ഐടി/ഐടിഇഎസ് സ്ഥാപനങ്ങളുടെ സംഘമാണ്, ജൈറ്റെക്സ് ഗ്ലോബലിൽ പങ്കെടുക്കാനായി, ദുബായിലേക്ക് തിരിക്കുന്നത്. ആഗോളതലത്തിൽ ഏറെ പ്രശസ്തമായ ഈ ടെക് മേളയിൽ, കമ്പനികൾ അവരുടെ നൂതനമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും. ഒക്ടോബർ 13 മുതൽ 17 വരെ ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ വച്ചാണ് മേള നടക്കുന്നത്. 96 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഹാളിലാണ് കേരളത്തിൽ നിന്നുള്ള ഐടി സംഘത്തിന്റെ പ്രദർശനം അരങ്ങേറുക.

ലോകമെമ്പാടുമുള്ള വ്യവസായ പ്രമുഖർ, നിക്ഷേപകർ, ഉപഭോക്താക്കൾ എന്നിവരുമായി ബന്ധപ്പെടാനുള്ള വേദിയായി കേരളത്തിന്റെ ഐടി സ്റ്റാൾ മാറും. ജൈറ്റെക്സിൽ പങ്കെടുക്കുന്ന കമ്പനികൾക്ക്, ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും, മേളയിലൂടെ നിരവധി ബിസിനസ് നെറ്റ്‌വർക്കിങ് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ജിടെക് സെക്രട്ടറി വി. ശ്രീകുമാർ പറഞ്ഞു.

180ലധികം രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖർ, നൂതനാശയക്കാർ, നിക്ഷേപകർ, ഉപഭോക്താക്കൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്ന ഈ വേദി, കേരളത്തിലെ ഐടി കമ്പനികൾക്ക്, ആഗോളതലത്തിൽ മികച്ച പങ്കാളിത്തം കണ്ടെത്താനും, സ്ഥാപിക്കാനുമുള്ള വലിയ അവസരങ്ങളാണ് തുറന്നിടുന്നത്.

കേരളത്തിൽ നിന്നുള്ള ടെക് കമ്പനികൾക്ക് അവരുടെ അത്യാധുനിക സേവനങ്ങൾ പ്രദർശിപ്പിക്കാൻ സമാനതകളില്ലാത്ത അവസരമാണ് ജൈറ്റെക്സ് വേദി തുറന്നുകൊടുക്കുന്നതെന്ന്, ജിടെക് ബിസിനസ് ഡെവലപ്മെന്റ് ഫോക്കസ് ഗ്രൂപ്പ് കൺവീനർ, മനു മാധവൻ പറഞ്ഞു.



സമൂഹത്തിന്റെ മാനസികാരോഗ്യം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ആശാവർക്കർമാർക്കായി കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ശിൽപ്പശാല ഐ.എം.എ കൊച്ചി ട്രഷറർ ഡോ. ബെൻസിർ ഹുസൈൻ ഉദ്ഘാടനം ചെയ്യുന്നു.

## ആശാവർക്കർമാർക്ക് ശിൽപ്പശാല നടത്തി

**കൊച്ചി:** സമൂഹത്തിന്റെ മാനസികാരോഗ്യം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് സെറിനിഷ് മാനസികാരോഗ്യ വിഭാഗം ഫ്യൂച്ചറേസ് ഹോസ്പിറ്റൽ ഇടപ്പള്ളി, ഐ.എം.എ കൊച്ചി, നാഷണൽ ഹെൽത്ത് മിഷൻ, ഇൻഡ്യൻ സൈക്ക്യാട്രി സൊസൈറ്റി കേരളാ ബ്രാഞ്ച്, എറണാകുളം സൈക്യാട്രി സൊസൈറ്റി, ഫ്യൂച്ചറേസ് ഹെൽത്ത് കെയർ അക്കാഡമി എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ആശാവർക്കർമാർക്കായി ലോക മാനസിഗാരോഗ്യ ദിനവുമായി ബന്ധപെട്ട് ശിൽപ്പശാല സംഘടിപ്പിച്ചു. കലൂർ ഐ.എം.എ ഹൗസിൽ നടന്ന ശിൽപ്പശാല ഐ.എം.എ കൊച്ചി ട്രഷറർ ഡോ. ബെൻസിർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. ഡോ. ഫെമിമോൾ, ഡോ. അശ്വതി ആനന്ദ്, മേരി അനുഷ സെബാസ്റ്റിയൻ, മുഹമ്മദ് ഷാമിൽ, ഫാ. റിറ്റോ മാത്യു തുടങ്ങിയവർ ദുരന്ത കാലത്തെ മാനസികാരോഗ്യം ആസ്പദമാക്കി വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. തുടർന്ന് ഫ്യൂച്ചറേസ് ആശുപത്രിയുടെ നേതൃത്വത്തിൽ ആശാവർക്കർമാർക്ക് സിപിആർ പരിശീലനവും നൽകി.




കാഴ്ച്ച സംരക്ഷണ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ലോക കാഴ്ച്ച ദിനത്തിൽ ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രി സംഘടിപ്പിച്ച വാക്കത്തോൺ ജസ്റ്റീസ് (റിട്ട) കെമാൽ പാഷ ഫ്ളാഗ് ഓഫ് ചെയ്യുന്നു. ഡോ. പ്രവീൺ മുരളി, ഡോ. ഉമേഷ് കൃഷ്ണ, എ. ടി.ദയാനിധി, എസ്. അജിത് കുമാർ എന്നിവർ സമീപം

## ലോക കാഴ്ച്ച ദിനാചരണം വാക്കത്തോൺ നടത്തി

**കൊച്ചി:** ലോക കാഴ്ച്ച ദിനത്തിൽ കാഴ്ച്ച സംരക്ഷണ സന്ദേശം നകുന്നതിനായി ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിന് സമീപം പ്രവർത്തിക്കുന്ന ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ വാക്കത്തോൺ നടത്തി. ആശുപത്രി അങ്കണത്തിൽ നിന്നും ആരംഭിച്ച വാക്കത്തോൺ ജസ്റ്റീസ് (റിട്ട) കെമാൽ പാഷ ഫ്ളാഗ് ഓഫ് ചെയ്തു. കുട്ടികൾ മുതൽ മുതിർന്നവർ വരെ വർഷത്തിൽ ഒരുപ്രാവശ്യമെങ്കിലും കണ്ണ് പരിശോധന നടത്തുന്നത് നല്ലതായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രമേഹരോഗികൾ നിർബന്ധമായും കണ്ണ് പരിശോധന നടത്തണമെന്ന് വാക്കത്തോണിന് നേതൃത്വം നൽകിയ മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി പറഞ്ഞു. ഒക്ടോബർ 31വരെ ഞായറാഴ്ച്ചകൾ ഒഴികെ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 6 വരെയാണ് സൗജന്യ നേത്ര പരിശോധന ക്യാമ്പ് ഉണ്ടാകുമെന്നും മെഡിക്കൽ സൂപ്രണ്ട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0484 4242000, 9280099171.

### അങ്കണവാടിക്ക് പുതിയ കെട്ടിടം

**കൊച്ചി:** ആയവന ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ 42ാം നമ്പർ അങ്കണവാടിയുടെ പുതിയ കെട്ടിടം മാത്യു കുഴൽ നാടൻ എം എൽ എ നാടിന് സമർപ്പിച്ചു. എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 20,20,000 രൂപ അനുവദിച്ചാണ് അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിച്ചത്. 23 വർഷമായി വാടക കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിച്ചിരുന്നത്. സിറ്റ്ഔട്ട്, പഠനമുറി, അടുക്കള, ശുചിമുറി ഉൾപ്പെടെ 650 ചതുരശ്രയടി വിസ്തീർണത്തിലാണ് കെട്ടിടം ഒരുക്കിയിരിക്കുന്നത്.

ചടങ്ങിൽ ആയവന പഞ്ചായത്ത് പ്രസിഡന്റ് സുറുമി അജീഷ് അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് അംഗം ഉല്ലാസ് തോമസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ മേഴ്സി ജോർജ്, ഷിവാഗോ തോമസ്, ആയവന ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് രാജൻ കടയ്ക്കോട്ട്, വാർഡ് മെമ്പർ ജെയിംസ് എൻ ജോഷി തുടങ്ങിയവർ പങ്കെടുത്തു.

### വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ

# കോഴിക്കോട് ജില്ലയിൽ 13,478 തൊഴിലവസരങ്ങൾ കണ്ടെത്തി

**കോഴിക്കോട്:** സംസ്ഥാനത്തെ തൊഴിൽദാതാക്കളെയും തൊഴിലന്വേഷകരെയും ഏകോപിപ്പിച്ച് പുതിയ തൊഴിൽ വിപ്ലവത്തിന് തുടക്കമിടുന്ന വിജ്ഞാന കേരളം ജനകീയ ക്യാമ്പയിനിലൂടെ ജില്ലയിൽ 13,478 തൊഴിലവസരങ്ങൾ കണ്ടെത്തി. വിവിധ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് താൽപര്യമുള്ള ഉദ്യോഗാർഥികളെ ലക്ഷ്യമിട്ട് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽമേളകളും നടന്നുവരുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 38 തൊഴിൽ മേളകൾ നിലവിൽ പൂർത്തിയായി. പ്രാദേശിക ഒഴിവുകളിലേക്ക് നേരിട്ടുള്ള നിയമനവും നടക്കുന്നുണ്ട്. ഇവയിലൂടെയെല്ലാം ജില്ലയിൽ 3,672 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചു. 1,293 പേരെ വിവിധ തസ്തികകളിലേക്കുള്ള ചുരുക്കപ്പട്ടികയിലും ഉൾപ്പെടുത്തി.

കോർപ്പറേഷനിൽ വിലിഫ്റ്റ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് വിജ്ഞാനകേരളം ജനകീയ ക്യാമ്പയിൻ നടക്കുന്നത്. ഒക്ടോബർ 11ന് കല്ലൂത്താൻ കടവിൽ പുതുതായി നിർമിച്ച വെജിറ്റബിൾ മാർക്കറ്റിൽ വെച്ചാണ് കോർപ്പറേഷൻതല ജോബ് ഫെയർ നടക്കുന്നത്. ജില്ലയിലെ ബ്ലോക്ക്, മുനിസിപ്പൽ തലങ്ങളിലെ ഒന്നാംഘട്ട ജോബ് ഫെയറുകൾ ഒക്ടോബർ 23ന് പൂർത്തിയാകും. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല തൊഴിൽ മേള ഒക്ടോബർ 26ന് കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലും നടക്കും.

ഇതിനകം കണ്ടെത്തിയവക്ക് പുറമെ കൂടുതൽ തൊഴിലുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ തുടരുകയാണ്. ഈ തൊഴിലുകളിലേക്ക് ആവശ്യമായ തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനും കുറഞ്ഞത് 15,000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനമാണ് ജില്ലയിൽ നടന്നുവരുന്നതെന്ന് വിജ്ഞാന കേരളം ജില്ലാ കോഓഡിനേറ്റർ ഡോ. എം ജി സുരേഷ് കുമാർ പറഞ്ഞു. ഈ മാസം അവസാനത്തോടെ തന്നെ ലക്ഷ്യം മറികടക്കാനാവുമെന്നാണ് പ്രതീക്ഷ.

തൊഴിലന്വേഷകരെ കണ്ടെത്തുന്നതും തൊഴിൽമേളകളിലേക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതും ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡി.ഡബ്ല്യൂ.എം.എസിലൂടെയാണ്. ഈ പോർട്ടലിൽ ജില്ലയിലെ തൊഴിൽ ആവശ്യമായ 1,35,000 ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ, രജിസ്റ്റർ ചെയ്ത പലരും തൊഴിൽ ലഭിക്കാനുള്ള അപേക്ഷ സമർപ്പിക്കുന്നില്ല. അതിനാൽ രജിസ്റ്റർ ചെയ്ത മുഴുവൻ പേരെയും ബന്ധപ്പെട്ട് അടിയന്തരമായി ജോലി ആവശ്യമായവരെ പ്രത്യേകം കണ്ടെത്തുന്ന പ്രവർത്തനവും നടക്കുന്നുണ്ട്. കുടുംബശ്രീ സിഡിഎസുകളിലെ കമ്യൂണിറ്റി അംബാസഡർമാർ വഴിയും ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലായുള്ള 20 ജോബ് സ്റ്റേഷനുകൾ വഴിയുമാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജില്ലയിൽ പ്രോജക്ട് മോണിറ്ററിങ് യൂണിറ്റും നിലവിലുണ്ട്. ഇത്തരത്തിൽ 31,190 പേരെയാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഇവരെ വിവിധ തൊഴിൽമേളകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ഇടപെടലുകളാണ് വിജ്ഞാനകേരളം കാമ്പയിന്റെ ഭാഗമായി നടന്നുവരുന്നത്.

വൈജ്ഞാനിക സമ്പദ്‌വ്യസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിലെ പ്രധാന സംരംഭമാണ് വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ. സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങളുമായി നൈപുണ്യ വികസനവും തൊഴിലവസര സൃഷ്ടിയും സമന്വയിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. തൊഴിലന്വേഷകരെ അണിനിരത്തി തൊഴിൽ മേളകൾ സംഘടിപ്പിക്കുക, തൊഴിലിനാവശ്യമായ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കുക എന്നിവ ഇതിലൂടെ നടക്കുന്നു. കെഡിസ്ക്, നോളജ് ഇകോണമി മിഷൻ തുടങ്ങി തൊഴിൽ മേഖലയിൽ ഇടപെട്ടുവരുന്ന എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും ക്യാമ്പയിന്റെ ഭാഗമാണ്. കുടുംബശ്രീ മിഷനാണ് ഈ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിച്ച് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

# പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനം 28ന്

**തൃശൂർ:** അന്താരാഷ്ട്ര നിലവാരത്തിലുള്ള പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം ഒക്ടോബർ 28 ന് മുഖ്യമന്ത്രി നിർവഹിക്കുന്നതോടെ തൃശൂർ മൃഗശാലയുടെ പ്രവർത്തനം പൂർണമായും അവസാനിപ്പിക്കാൻ ഉന്നതതല യോഗത്തിൽ തീരുമാനിച്ചു.

മാനുകൾ ഒഴികെ സുവോളജിക്കൽ പാർക്കിലെ കൂടുകളിലേക്കുള്ള മുഴുവൻ മൃഗങ്ങളെയും തൃശൂരിൽ നിന്ന് ഉടൻ മാറ്റും. സഫാരി പാർക്കിന്റെ നിർമ്മാണം പൂർത്തിയായാൽ മാനുകളെയും പുത്തൂരിൽ എത്തിക്കും.

തൃശൂർ മൃഗശാലയിലെ സ്ഥിരം ജീവനക്കാരെ മൃഗശാല വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ സുവോളജിക്കൽ പാർക്കിന്റെ കീഴിലേക്ക് മാറ്റി നിയമിക്കാനും റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ, വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ എന്നിവരുടെ സാന്നിധ്യത്തിൽ വനം, മൃഗശാല വകുപ്പ് ഉന്നത ഉദ്യോഗസ്ഥരടക്കം പങ്കെടുത്ത യോഗം തീരുമാനിച്ചു.




സാധാരണ മൃഗശാലകളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം ആവാസ വ്യവസ്ഥകൾ ഒരുക്കിയാണ് സുവോളജിക്കൽ പാർക്ക് സജ്ജമാക്കുക. ജനുവരിയോടെ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് മുമ്പ് മൃഗങ്ങൾക്ക് അതത് ആവാസ വ്യവസ്ഥയുമായി പൊരുത്തപ്പെടാനാവും.

വിദേശ രാജ്യങ്ങളിൽ നിന്നും തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമെല്ലാം മൃഗങ്ങളും മറ്റ് ജീവജാലങ്ങളും പുത്തൂരിലെത്തിക്കുന്ന നടപടികളും ഒക്ടോബർ മാസത്തിൽ നടക്കും. തുടർന്നുള്ള നാളുകളിലും സുവോളജിക്കൽ പാർക്കിലേക്ക് പുതിയ മൃഗങ്ങളെയും പക്ഷികളെയും ഉരഗങ്ങളെയും എത്തിച്ചു കൊണ്ടിരിക്കും. പാർക്കിലെ വിപുലീകരണവും വികസന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി തുടരും. ഹോളോഗ്രാം സൂ, പെറ്റിങ് സൂ തുടങ്ങിയവയെല്ലാം സഫാരി പാർക്കിനൊപ്പം പുത്തൂർ സുവോളജിക്കൽ പാർക്കിൽ ഒരുങ്ങും.

28 ന് നടക്കുന്ന ഔപചാരിക ഉദ്ഘാടനവും അനുബന്ധ പരിപാടികളും ആഘോഷമാക്കാൻ വലിയ ഒരുക്കമാണ് പുത്തൂരിൽ നടക്കുന്നതെന്ന് യോഗത്തിൽ സ്ഥലം എംഎൽഎ കൂടിയായ റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഉള്ള പരിപാടികൾക്ക് ഈ മാസം 18 ന് കൊടിയുയരും. 21 ന് പെറ്റിങ് സൂവിന്റെ ശിലാസ്ഥാപനം നടക്കും. 25, 26, 27 തിയതികളിൽ കലാ സാംസ്കാരിക പരിപാടികൾ അരങ്ങേറും.

യോഗത്തിൽ മൃഗസംരക്ഷണ, മൃഗശാല, വനം വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറി മിൻഹാജ് ആലം, മൃഗശാല ഡയറക്ടർ മഞ്ജുളാ ദേവി, പുത്തൂർ സുവോളജിക്കൽ പാർക്ക് സ്പെഷൽ ഓഫീസർ കെ ജെ വർഗീസ്, വനം വകുപ്പ് മേധാവി ഡോ. പി പുഗഴേന്തി, ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡോ. പ്രമോദ് ജി കൃഷ്ണൻ തുടങ്ങിയവരും പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ശബരിമല സ്വർണ്ണമോഷണം സി.ബി.ഐ അന്വേഷിക്കണം: വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** വിശ്വപ്രസിദ്ധമായ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന അഴിമതി, സ്വർണാപഹരണം എന്നിവ സംബന്ധിച്ച് സി.ബി.ഐ അന്വേഷിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് അന്താരാഷ്ട്ര സെക്രട്ടറി ജനറൽ ബജരംഗ ലാൽ ബാഗ്റ ആവശ്യപ്പെട്ടു. ഈ കാര്യം ആവശ്യപ്പെട്ട് വിശ്വഹിന്ദുപരിഷത്ത് കേരള ഘടകം ഇന്നലെ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തതായും അദ്ദേഹം എറണാകുളത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ശബരിമല ഉൾപ്പെടെ സർക്കാർ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ കാണിക്കയായി സമർപ്പിക്കുന്ന സ്വർണം, വെള്ളി, ചെമ്പ്, വജ്രങ്ങൾ, രത്നങ്ങൾ തുടങ്ങി വിലപിടിപ്പുള്ള വസ്തുക്കളുടെ കൃത്യമായ കണക്ക് രേഖപ്പെടുത്തണം. ഇതുവരെ ഇത്തരം വഴിപാടുകൾ അലക്ഷ്യമായാണ് കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ഇവയൊക്കെ വൻതോതിൽ അപഹരിച്ചിരിക്കാനും സാദ്ധ്യതയുണ്ട്. ക്ഷേത്ര സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ചുമതലയൊഴിയുമ്പോഴും പകരം ചുമതലക്കാർ എത്തുമ്പോഴും ഹാന്റ് ഓവർ, ടേക്കിംഗ് ഓവർ രേഖകൾ ഉണ്ടാവണം. ഇത്തരത്തിലുള്ള കഴിഞ്ഞ 20വർഷത്തെ രേഖകൾ സി.എ.ജി ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് വി.എച്ച്.പി ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.



**വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന കാര്യാലയത്തിൽ വിശ്വഹിന്ദു പരിഷത്ത് അന്താരാഷ്ട്ര സെക്രട്ടറി ജനറൽ ബജരംഗ ലാൽ ബാഗ്റ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ എന്നിവർ മാധ്യമങ്ങളോട് സംസാരിക്കുന്നു**

മതേതര രാജ്യത്ത് ഹിന്ദു മതത്തിന്റെ ആരാധനാലയങ്ങൾ മാത്രം സർക്കാർ കൈകാര്യം ചെയ്യുന്നതിൽ അനൗചിത്യമുണ്ട്. ഈ കാര്യം പുന:പരിശോധിക്കണമെന്നും ക്ഷേത്രങ്ങൾ വിശ്വാസികൾക്ക് വിട്ടുനൽകണമെന്നും ആവശ്യപ്പെട്ട് വി.എച്ച്.പി ദേശവ്യാപക പ്രചാരണ പ്രക്ഷോഭ പരിപാടികൾ നടത്തുന്നുണ്ട്. ക്ഷേത്ര സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന സ്വാശ്രയ സംവിധാനം നിലവിൽ വരണം. അതിൽകൂടി സാമൂഹിക ധാർമിക സേവന പ്രവർത്തനങ്ങൾ നടത്തണമെന്നതാണ് വി.എച്ച്.പിയുടെ ആശയം. 11 സംസ്ഥാനങ്ങളിലെ 50,000ൽപ്പരം ഹൈന്ദവ ക്ഷേത്രങ്ങൾ അതത് സർക്കാരുകളുടെ നിയന്ത്രണത്തിലാണെന്നും ബജരംഗലാൽ ബാഗ്റ പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിലും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കളുടെ കണക്കെടുക്കണം; ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്ത് വിഎച്ച്പി

**കൊച്ചി:** ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കളുടെ കണക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് വിശ്വഹിന്ദുപരിഷത്ത് കേരള ഘടകം ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. സംസ്ഥാന സർക്കാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ്, സിബിഐ, കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നിവരെ എതിർകക്ഷികളാക്കിയാണ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

ശബരിമല ഉൾപ്പെടെ സർക്കാർ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ കാണിക്കയായി സമർപ്പിക്കുന്ന സ്വർണം, വെള്ളി, ചെമ്പ്, വജ്രങ്ങൾ, രത്നങ്ങൾ തുടങ്ങി വിലപിടിപ്പുള്ള വസ്തുക്കളുടെ കൃത്യമായ കണക്കും തൂക്കവും രേഖപ്പെടുത്തണം. നാളിതുവരെ ഇത്തരം വഴിപാടുകളുടെ വിവരങ്ങൾ ഒന്നും തന്നെ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്ന രീതിയിൽ ലഭ്യമാക്കിയിട്ടില്ല. ഇതിൽ തന്നെ കള്ളത്തരം വ്യക്തമാണ്, തീർത്തും അലക്ഷ്യമായാണ് ഭക്തർ ആദരപൂർവം സമർപ്പിക്കുന്ന വിലയേറിയ വഴിപാടുകൾ കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ഇവയൊക്കെ വൻതോതിൽ അപഹരിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളും വിഎച്ച്പി ഹർജിയിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

ക്ഷേത്ര സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ചുമതലയൊഴിയുമ്പോഴും പകരം ചുമതലക്കാർ എത്തുമ്പോഴും ഹാന്റ് ഓവർ, ടേക്കിങ് ഓവർ രേഖകൾ കൃത്യമായി ഉണ്ടാവണം. ഇത്തരത്തിലുള്ള കഴിഞ്ഞ 20 വർഷത്തെ രേഖകൾ സിഎജി ഓഡിറ്റിങിന് വിധേയമാക്കണമെന്ന് വിഎച്ച്പി ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വരും കാലങ്ങളിലെങ്കിലും ഈ പ്രശ്നങ്ങളിൽ നിന്നെല്ലാം മാറി കണക്കുകൾ കൃത്യമായി രേഖപ്പെടുത്താനാണ് ഇത്തരമൊരു നീക്കവുമായി വിഎച്ച്പി രംഗത്ത് വന്നതെന്നും അനിൽ വിളയിൽ പറഞ്ഞു.

# സ്റ്റുഡൻസ് വേൾഡ് കപ്പ്: വൻ തട്ടിപ്പെന്ന് ശിവസേന

**കൊച്ചി:** വിദ്യാർത്ഥികളായ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്റ്റുഡൻസ് വേൾഡ് കപ്പ് ഫെഡറേഷൻ എന്ന പേരിൽ രൂപീകരിച്ചിട്ടുള്ള സംഘടന സാമ്പത്തിക തട്ടിപ്പ് നടത്തുന്നതിനുള്ള പദ്ധതിയാണെന്ന് ശിവസേന സംസ്ഥാന സെക്രട്ടറി ടി ആർ ദേവൻ പറഞ്ഞു. ചെലവ് കുറഞ്ഞ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിച്ചു നൽകാമെന്ന് പറഞ്ഞ് കേരളത്തിൽ ആയിരക്കണക്കിന് വ്യക്തികളിൽ നിന്ന് കോടിക്കണക്കിന് രൂപ പിരിച്ചെടുത്ത ശേഷം പാർപ്പിടമോ വസ്തുവോ നൽകാതെ ഏകദേശം 500 കോടിയിൽ പരം രൂപ തട്ടിച്ചെടുത്ത് മുങ്ങിയ കെട്ടിട നിർമ്മാതാക്കളാണ് ഈ സംരംഭത്തിന് പിന്നിൽ.

ഇവർ ഇക്കഴിഞ്ഞ സെപ്റ്റംബർ 22 ന് കൊച്ചിയിലെ ലേ മെറിഡിയൻ ഹോട്ടലിൽ നടത്തിയ വാർത്തസമ്മേളനത്തിൽ കേരളത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള ഒരു സ്പോർട്സ് സിറ്റി വിഭാവനം ചെയ്തിട്ടുണ്ടെന്നും അത് ലോകോത്തര നിലവാരത്തിനുള്ളതാണെന്നും 2026 ൽ ആഗോളതലത്തിലുള്ള ഇരുപതിനായിരം സ്കൂളുകളിലെ കുട്ടികളെ സംഘടിപ്പിച്ചുകൊണ്ട് ഗ്ലോബൽ വേൾഡ് കപ്പ് സംഘടിപ്പിക്കുമെന്നും വേൾഡ് കപ്പിൽ വിജയികളാകുന്നവർക്ക് 15 കോടി രൂപ സമ്മാനം നൽകുമെന്നും പ്രഖ്യാപിച്ചു. സ്റ്റുഡൻസ് വേൾഡ് കപ്പ് ഫെഡറേഷൻ എന്ന പേരിൽ ന്യൂഡൽഹി ആസ്ഥാനമായി 1860ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം ഈവർഷം ജൂലൈ 25നാണ് ഈ സന്നദ്ധ സംഘടന രജിസ്റ്റർ ചെയ്തിരിക്കന്നത്. സന്നദ്ധ സംഘടനയായതുകൊണ്ട് തന്നെ സന്നദ്ധ പ്രവർത്തത്തിനപ്പുറം സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഇവർക്കാവില്ല. ഇത് മറച്ച് വച്ച് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്നതും നഴ്സുമാരെ ജോലിക്കും പഠനത്തിനുമായി വിദേശത്തേയ്ക്ക് കയറ്റി അയക്കുന്ന ഏജൻസിയുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നതെന്നാണ് അവകാശപ്പെടുന്നത്. ഇത് തന്നെ വലിയ തട്ടിപ്പാണ്.


**കറുകുറ്റിയിൽ മണ്ണിട്ട് നികത്തി ഒന്നരവർഷംകൊണ്ട് സ്പോർട്സ് സിറ്റി യാഥാർത്ഥ്യമാക്കും എന്നു പറയുന്ന തണ്ണീർത്തടത്തിന്റെ ദൃശ്യം**

എറണാകുളം ജില്ലയിലെ കറുകുറ്റിയിൽ 25 ഏക്കർ സ്ഥലത്ത് സ്പോർട്സ് സിറ്റിസ്ഥാപിക്കുമെന്നാണ് ഇവർ പറയുന്നത്. കറുകുറ്റി പഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന പന്തക്കലാണ് ഇത് സ്ഥാപിക്കുക എന്നും പറഞ്ഞു. എന്നാൽ ഇവർ അവകാശപ്പെടുന്ന സ്ഥലം എറണാകുളം ജില്ലയിലെ കറുകുറ്റി, തൃശ്ശൂർ ജില്ലയിലെ കൊരട്ടി എന്നീ രണ്ട് പഞ്ചായത്തുകളിൽപ്പെട്ട പാടശേഖരമാണ്. ഇവിടെയാണ് കൊരട്ടി പഞ്ചായത്തിലെ മുടപ്പുഴ ചെക്ക്ഡാം. ഈ രണ്ട് പഞ്ചായത്തിലെയും 15 കിലോമീറ്റർ ചുറ്റളവിലെ ജനങ്ങളുടെ കുടിവെള്ള സ്രോതസുകൂടിയാണിത്. സംസ്ഥാനത്ത് നിലനിൽക്കുന്ന തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സ്വകാര്യ വ്യക്തിക്ക് ഒരുകാരണ വശാലും പാടം നികത്താനാവില്ല. 25 ഏക്കർ തണ്ണീർത്തടം നികത്തണമെങ്കിൽ തന്നെ ചുരുങ്ങിയത് മൂന്ന് വർഷവും വേണ്ടിവരും മലയാറ്റൂർ മലയോളം അളവിൽ മണ്ണും വേണ്ടിവരും.

ഒന്നരവർഷംകൊണ്ട് സ്പോർട്സ് സിറ്റി യാഥാർത്ഥ്യമാക്കും എന്നു പറയുന്ന ഇതിന്റെ സംഘാടകർ 25 ഏക്കർ ഭൂമി മണ്ണിട്ട് നികത്തി കെട്ടിട നിർമ്മിച്ച് കായികതാരങ്ങൾക്ക് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കും എന്ന് പറയുമ്പോൾ ഈ പ്രദേശത്തെ ഒരു സർക്കാർ സ്ഥാപനത്തിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു തുണ്ട് കടലാസിൽ അപേക്ഷ പോലും ഇന്നേവരെ സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് രാഷ്ട്രീയ സാമൂഹിക നീതിന്യായ രംഗത്തെയും പ്രഗത്ഭരെ അണിനിരത്തിക്കൊണ്ട് സ്പോർട്സ് സിറ്റിയുടെ ലോഞ്ചിംഗ് മാമാങ്കം ഇവർ നടത്തിയത്.

അരൂരിലെ കായൽ ചതുപ്പിന് ന്യൂ കൊച്ചി എന്ന് പേരിട്ട് ചിലവുകുറഞ്ഞ പാർപ്പിട സമുച്ചയം നിർമ്മിച്ചുനൽകുമെന്ന് പറഞ്ഞ് 2010 മുതൽ 2016 കാലയളവിൽ വ്യാപകമായ പ്രചരണം നടത്തി 500ൽ പരം കോടിയുടെ തട്ടിപ്പ്നടത്തിയവരാണ് കറുകുറ്റിയിലെ തണ്ണീർത്തടത്തം നികത്തി സ്പോർട്സ്സിറ്റി സ്ഥാപിക്കുമെന്ന് പറഞ്ഞ് പുതിയ തട്ടിപ്പിന് കളം ഒരുക്കുന്നതെന്ന് ടി.ആർ ദേവൻ വാർത്താ കുറിപ്പിൽ പറഞ്ഞു.

സാമ്പത്തിക തട്ടിപ്പുകാരെ തുറന്ന് കാണിക്കുന്നതിനും, തണ്ണീർത്തടം സംരക്ഷിക്കുന്നതിനുമായി ഒക്ടോബർ 20 ന് പ്രദേശ വാസികളെകൂടി പങ്കെടുപ്പിച്ചുകൊണ്ട് ആക്ഷൻ കൗൺസിലിന് രൂപം നൽകുമെന്നും ടി.ആർ.ദേവൻ പറഞ്ഞു. അന്നേദിവസം വൈകിട്ട് 5ന് അങ്കമാലിയിൽ സംഘടിപ്പിച്ചിട്ടുള്ള വിശദീകരണ യോഗം പാർട്ടി സംസ്ഥാന അധ്യക്ഷൻ അഡ്വ. പേരൂർക്കട ഹരികമാർ ഉദ്ഘാടനം ചെയ്യും. പാർട്ടിയുടെ സംസ്ഥാന ജില്ലാ നേതാക്കളും യോഗത്തിൽ പങ്കെടുക്കും.


**ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. സച്ചിൻ സുരേഷ്, ഡോ. ബെൻസിർ ഹുസൈൻ**

## ഐ.എം.എ കൊച്ചി: ഭാരവാഹികൾ ചുമതലയേറ്റു

**കൊച്ചി:** ഐ.എം.എ കൊച്ചിയുടെ പുതിയ ഭാരവാഹികളായി ഡോ. അതുൽ ജോസഫ് മാനുവൽ (പ്രസിഡന്റ്), ഡോ. സച്ചിൻ സുരേഷ് (സെക്രട്ടറി), ഡോ. ബെൻസിർ ഹുസൈൻ (ട്രഷറർ) എന്നിവർ ചുമതലയേറ്റു. ഡോ. രമേഷ് കുമാർ, ഡോ. അനിതാ തിലകൻ, ഡോ. ജോർജ്ജ് തുകലൻ, ഡോ. എം. എം ഫൈസൽ (വൈസ് പ്രസിഡന്റുമാർ), ഡോ. ജോബി അബ്രാഹം, ഡോ. കാർത്തിക് ബാലചന്ദ്രൻ, ഡോ. ആൽവിൻ ആന്റണി, ഡോ. സിജു ജോസഫ് ( ജോയിന്റ് സെക്രട്ടറിമാർ), ഡോ. വിനോദ് പത്മനാഭൻ (പ്രസിഡന്റ് ഇലക്ട്), ഡോ. എം. എം ഹനീഷ് (സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റിയംഗം), ഡോ. ജേക്കബ്ബ് അബ്രഹാം ( ഇമ്മിഡിയറ്റ് പാസ്റ്റ് പ്രസിഡന്റ്) എന്നിവരാണ് മറ്റു ഭാരവാഹികൾ.

## സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് കൊച്ചിയിൽ, 14ന് കിക്കോഫ്

**കൊച്ചി:** 61മത് സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ട് വേദിയാവും. ഒക്ടോബർ 14നാണ് കിക്കോഫ്. 21വരെയാണ് നോക്കൗട്ട് അടിസ്ഥാനത്തിൽ ചാമ്പ്യൻഷിപ്പ് നടക്കുക. കേരള ഫുട്ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലാ ഫുട്ബോൾ അസോസിയേഷനാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. ഏഴ് വർഷങ്ങൾക്ക് ശേഷമാണ് കൊച്ചി സീനിയർ ചാമ്പ്യൻഷിപ്പിന് വേദിയൊരുക്കുന്നത്. 14ന് രാവിലെ 7.30ന് ഉദ്ഘാടന മത്സരത്തിൽ കാസർഗോഡ് വയനാടിനെ നേരിടും. വൈകിട്ട് 3.45ന് മലപ്പുറംപത്തനംതിട്ട മത്സരം. ദിവസവും രണ്ട് മത്സരങ്ങൾ വീതമാണുള്ളത്. ആദ്യറൗണ്ടിൽ ജയിക്കുന്ന ടീമുകൾ ക്വാർട്ടർ പ്രവേശനം നേടും. കഴിഞ്ഞ വർഷത്തെ ഫൈനലിസ്റ്റുകളായ കോട്ടയം, തിരുവനന്തപുരം ടീമുകൾ നേരിട്ട് ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടിയിട്ടുണ്ട്. 19,20 തീയതികളിലാണ് സെമിഫൈനൽ, കലാശക്കളി 21ന് വൈകിട്ട് 3.45ന്. മത്സരങ്ങളെല്ലാം ഗോൾ മലയാളം യൂട്യൂബ് ചാനലിൽ തത്സമയം സംപ്രേക്ഷണം ചെയ്യും. 2026 ജനുവരിയിൽ നടക്കുന്ന സന്തോഷ് ട്രോഫിക്കുള്ള പരിശീലന ക്യാമ്പിലേക്ക് ഈ ടൂർണമെന്റിൽ നിന്നായിരിക്കും കളിക്കാരെ തിരഞ്ഞെടുക്കുക.




സമുദ്ര ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ശിൽപശാല സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

# സമുദ്രമത്സ്യ മേഖലയിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് വേണമെന്ന് വിദഗ്ധർ

**കൊച്ചി:** സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കാനും സുസ്ഥിരമായ മത്സ്യബന്ധനം ഉറപ്പാക്കാനും സമുദ്രമത്സ്യമേഖലയിൽ ഇന്ത്യൻ സ്റ്റാൻഡേർഡിന് രൂപം നൽകണമെന്ന് വിദഗ്ധർ. ഇതിനായി, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര പരിപാലന രീതികൾ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള ദേശീയ ചട്ടക്കൂട് വികസിപ്പിക്കണമെന്നും വിദഗ്ധർ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സി.എം.എഫ്.ആർ.ഐ.) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സും (ബി.ഐ.എസ്.) സംയുക്തമായി സംഘടിപ്പിച്ച ശിൽപശാലയിലാണ് ഈ നിർദേശമുയർന്നത്.

ഏകീകൃതവും വിശ്വസനീയവും ശാസ്ത്രീയമായ രീതികൾ ഉറപ്പാക്കുന്നതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്.) ഔദ്യോഗികമായി അംഗീകരിച്ച മാനദണ്ഡമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ്.

സമുദ്രമത്സ്യമേഖലയിൽ ഇത് നടപ്പിലാക്കുന്നത്, രാജ്യത്തെ സമുദ്രസമ്പത്ത് സംരക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും ഒരു പൊതു നിലവാരം കൊണ്ടുവരാൻ സഹായിക്കും. ഇതുവഴി, ഇന്ത്യയുടെ നയങ്ങൾക്കും വിവരശേഖരണത്തിനും കൂടുതൽ വിശ്വാസ്യത കൈവരികയും ആഗോളതലത്തിൽ ഇന്ത്യൻ മത്സ്യമേഖലക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുകയും ചെയ്യും.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു. മത്സ്യമേഖലയുടെ സുസ്ഥിരമായ വികസനത്തിന് സമുദ്രജൈവവൈവിധ്യ സംരക്ഷണം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ദേശീയ ചട്ടക്കൂട് വികസനത്തിൽ, മത്സ്യസമ്പത്തിന്റെ സാസ്ത്രീയ അവലോകനം, തീരദേശ വിഭവ മാപ്പിംഗ്, ആവാസവ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള പരിപാലനരീതികൾ തുടങ്ങിയ മേഖലകളിൽ ശാസത്രീയ പിന്തുണ നൽകാൻ സിഎംഎഫ്ആർഐ ഒരുക്കമാണ്.

ബി.ഐ.എസ്, മറ്റ് ഏജൻസികൾ എന്നിവരുമായി സഹകരിച്ച് ഇന്ത്യൻ ഗുണനിലവാര സ്റ്റാൻഡേർഡിന്റെ ശാസ്ത്രീയ രീതികൾ രൂപീകരിക്കുന്നതിന് സി.എം.എഫ്.ആർ.ഐ. നേതൃത്വം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

അന്താരാഷ്ട്ര മാനദണ്ഡങ്ങളായ ജൈവവൈവിധ്യ ഉടമ്പടി, യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദി ലോ ഓഫ് ദി സീ എന്നിവയ്ക്ക് അനുസൃതമായി വികസിപ്പിച്ചെടുക്കുന്ന ദേശീയ അംഗീകാരമുള്ള പ്രോട്ടോകോൾ, ഇന്ത്യയുടെ ജൈവസംരക്ഷണത്തെയും അന്താരാഷ്ട്രതലത്തിൽ രാജ്യത്തിന്റെ വ്യാപാരശേഷിയും ശക്തിപ്പെടുത്തുമെന്ന് ശിൽപശാലയിൽ അഭിപ്രായമുയർന്നു.വിദേശ സുസ്ഥിരതാ സർട്ടിഫിക്കേഷനുകൾക്ക് ബദലായി, ഇന്ത്യയുടെ സാഹചര്യങ്ങൾക്ക് അനുയോജ്യവും ചെലവ് കുറഞ്ഞതുമായ ഇന്ത്യൻ മറൈൻ സസ്റ്റൈനബിലിറ്റി സർട്ടിഫിക്കേഷൻ സംവിധാനം ബി.ഐ.എസിന് കീഴിൽ രൂപീകരിക്കണമെന്ന നിർദ്ദേശവും ശില്പശാലയിൽ ഉയർന്നു. സി.എം.എഫ്.ആർ.ഐ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിംഗ്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ബി.ഐ.എസ്. എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ പങ്കെടുത്തു. ബി.ഐ.എസ്. പരിസ്ഥിതി വിഭാഗം മേധാവി വീരേന്ദ്ര സിംഗ്, ഡോ. സുജിത തോമസ്, ഡോ. ശോഭന കെ.എസ്, ഡോ. ബി. നാഗരാജൻ, കുമാർ സൗരഭ് എന്നിവരും സംസാരിച്ചു.

# ഫ്യൂച്ചർ കേരള മിഷൻ: മത്സരങ്ങൾക്ക് 250ൽപ്പരം കലാലയങ്ങൾ

**കൊച്ചി:** ജെയിൻ യൂണിവേഴ്സിറ്റി ആവിഷ്കരിച്ച ഫ്യൂച്ചർ കേരള മിഷന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഐഡിയ ഫെസ്റ്റ് 2025, സ്പീക്ക് ഫോർ ഫ്യൂച്ചർ മത്സരങ്ങൾക്ക് സംസ്ഥാനത്തെ സ്കൂൾകോളേജ് വിദ്യാർത്ഥികൾക്കിടയിൽ വൻ സ്വീകാര്യത. ഇതിനോടകം 250ൽ അധികം കലാലയങ്ങളാണ് മത്സരത്തിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിരിക്കുന്നത്. വരും ദിവസങ്ങളിൽ രജിസ്ട്രേഷൻ വർദ്ധിക്കുമെന്നാണ് പ്രതീക്ഷ. അടുത്ത വർഷം ജനുവരിയിൽ നടക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചർ എന്ന ആഗോള ഉച്ചകോടിയുടെ ഭാഗമായാണ് മത്സരങ്ങൾ.

കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് ഫ്യൂച്ചർ കേരള മിഷൻ ചെയർമാനും മുൻ ഇന്ത്യൻ അംബാസഡറുമായ വേണു രാജാമണി പറഞ്ഞു. നൂതനമായ ആശയങ്ങളും ഊർജ്ജസ്വലമായ കാഴ്ചപ്പാടുകളും നാളത്തെ കേരളം രൂപപ്പെടുത്തുന്നതിൽ നിർണായകമാകും. ഐഡിയ ഫെസ്റ്റ്, സ്പീക്ക് ഫോർ ദ ഫ്യൂച്ചർ എന്നിവ ഈ ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പുകളാണെന്നും വേണു രാജാമണി പറഞ്ഞു.

വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന ഈ പ്രതികരണം വളരെ പ്രതീക്ഷ നൽകുന്നതാണ്. ഇത്രയധികം കലാലയങ്ങൾ രജിസ്റ്റർ ചെയ്തത്, കേരളത്തിന്റെ ഭാവിയെക്കുറിച്ച് ക്രിയാത്മകമായി ചിന്തിക്കാൻ യുവതലമുറ എത്രമാത്രം താൽപ്പര്യം കാണിക്കുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. ഈ പങ്കാളിത്തം തന്നെ പരിപാടിയുടെ ആദ്യ വിജയമാണ് ജെയിൻ സർവകലാശാല ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടറും പരിപാടിയുടെ ചീഫ് ഫെസിലിറ്റേറ്ററുമായ ഡോ. ടോം ജോസഫ് വ്യക്തമാക്കി.

ഓൺലൈൻ, ഓഫ്ലൈൻ ഘടകങ്ങൾ സംയോജിപ്പിച്ച ഒരു ഹൈബ്രിഡ് ഇന്നൊവേഷൻ മത്സരമാണ് ഐഡിയ ഫെസ്റ്റ് 2025. കേരളത്തിലെ കോളേജുകളിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും കേരളത്തിലെയും ഗൾഫ് മേഖലയിലെയും പ്ലസ് ടു വിദ്യാർത്ഥികൾക്കും ടീമുകളായി പങ്കെടുക്കാം. നവംബർ ആദ്യവാരം നടക്കുന്ന ഓൺലൈൻ ഡിസൈൻ തിങ്കിംഗ് ശില്പശാലയ്ക്ക് ശേഷം നവംബർ 21, 22 തീയതികളിൽ ക്യാമ്പസിലാണ് മത്സരം. ഒക്ടോബർ 25 ആണ് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി.

# ടാറ്റ ഇന്ത്യ ഡൈനാമിക് ഇക്വിറ്റി ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** കുറഞ്ഞത് 500 ഡോളർ നിക്ഷേപത്തോടു കൂടിയ ടാറ്റ ഇന്ത്യ ഡൈനാമിക് ഇകിറ്റി ഫണ്ട്ഗിഫ്റ്റ് ഐഎഫ്എസ്സി പുറത്തിറക്കാൻ ടാറ്റാ അസറ്റ് മാനേജുമെന്റിന് ഐഎഫ്എസ്സിഎയിൽ (ഇൻറർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെൻറർസ് അതോറിറ്റി) നിന്ന് അനുമതി ലഭിച്ചതായി ടാറ്റാ ഇന്ത്യ ഡൈനാമിക് ഇകിറ്റി ഫണ്ടെന്ന് ടാറ്റാ അസറ്റ് മാനേജുമെൻറ് ഇന്റർനാഷണൽ ബിസിനസ് മേധാവി അഭിനവ് ശർമ പറഞ്ഞു. ഇന്ത്യയുടെ വളരുന്ന ഓഹരി വിപണിയിൽ നിന്നും നേട്ടമുണ്ടാക്കാനും ലോകത്തിലെ നാലാമത്തെ ഏറ്റവും വലിയ സമ്പദ്ഘടനയായുള്ള ഇന്ത്യയുടെ മുന്നേറ്റത്തിൽ പങ്കാളികളാകാനും ഈ പദ്ധതി ആഗോള നിക്ഷേപകർക്ക് അവസരമൊരുക്കും. മ്യൂചൽ ഫണ്ട് ഇകിറ്റി സ്കീമുകളിലും എക്സ്ചേഞ്ച്ട്രേഡഡ് ഫണ്ടുകളിലും (ഇടിഎഫ്) നിക്ഷേപിക്കുന്ന ഒരു ഇൻബൗണ്ട് ഫീഡർ പദ്ധതിയായാണ് ഈ ഫണ്ട് രൂപകൽപന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. വിപണി പ്രവണതകൾക്ക് അനുസൃതമായി വൻകിട, ഇടത്തരം, ചെറുകിട ഓഹരികളിൽ നിക്ഷേപിക്കുന്ന രീതിയിൽ വകയിരുത്തൽ നടത്തുന്ന രീതിയാവും ടാറ്റ ഇന്ത്യ ഡൈനാമിക് ഇകിറ്റി ഫണ്ട് പിന്തുടരുക. സാങ്കേതികവിദ്യ, ഊർജ്ജം, ആരോഗ്യസേവനം തുടങ്ങി വളർന്നു വരുന്ന മേഖലകളിൽ തന്ത്രപരമായ നിക്ഷേപങ്ങൾ നടത്തി സാധ്യതകൾ വിപുലമാക്കുകയും ചെയ്യും.

# കാനറ എച്ച്എസ്ബിസി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഐപിഒ 10 മുതൽ

**കൊച്ചി:** കാനറ എച്ച്എസ്ബിസി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 ഒക്ടോബർ 10 മുതൽ 14 വരെ നടക്കും. നിലവിലുള്ള നിക്ഷേപകരുടെ 23.75 കോടി ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 100 മുതൽ 106 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 140 ഇകിറ്റി ഓഹരികൾക്കും തുടർന്ന് 140ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. എസ്ബിഐ കാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ബിഎൻപി പാരിബാസ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപ്പിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# വർമ്മ കണക്ട് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ ലക്ഷ്വറി റസിഡന്റ് പ്രൊജക്ട് വർമ്മ കണക്ടിന്റെ ഉദ്ഘാടനം കൊച്ചി വെണ്ണലയിൽ വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിച്ചു. മാനേജിംഗ് ഡയറക്ടർ കെ. അനിൽ വർമ്മ, വൈസ് പ്രസിഡന്റുമാരായ വൈശാഖ് വർമ്മ, ആരതി വർമ്മ, ആർക്കിടെക്ട് എൽ ഗോപകുമാർ, സ്ഥല ഉടമ ഡോ. ഷാജി ടി. ജോർജ്ജ്, മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ ജനറൽ മാനേജർ സുരേഷ് ടി. എസ്, ഫിനാൻസ് ആന്റ് എച്ച്. ആർ സീനിയർ മാനേജർ ജിതേഷ് കെ. എസ്, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, പർച്ചേസ് സീനിയർ മാനേജർ രേഖാ പ്രമോദ് തുടങ്ങിയവർ സമീപം




# അട്ടപ്പാടി ആദിവാസി ഊരുകളിലെ അംഗൻവാടികളിൽ ഹൈസ്പീഡ് ഇന്റർനെറ്റ് സേവനമൊരുക്കി കെഫോൺ

**പാലക്കാട്:** അട്ടപ്പാടി ആദിവാസി ഊരുകളിലെ അംഗൻവാടികളിൽ ഹൈസ്പീഡ് ഇന്റർനെറ്റ് സേവനമെത്തിച്ച് കെഫോൺ. കുപ്പൻ കോളനി, പുഡൂർ, ചീരക്കടവ് തുടങ്ങിയ പ്രദേശങ്ങളിലെ 50 ഓളം അംഗൻവാടികളിലാണ് കെഫോൺ ഇന്റർനെറ്റ് സേവനമെത്തിക്കുക. പദ്ധതിയുടെ ആദ്യ ഘട്ടമായി 31 അംഗൻവാടികളിൽ ഇതിനോടകം കെഫോൺ ഇന്റർനെറ്റ് ലഭ്യമാക്കിക്കഴിഞ്ഞു.

പുഡൂർ ഗ്രാമപഞ്ചായത്ത് ചൂട്ട്ര ആംഗൻവാടിയിലെ അധ്യാപികയ്ക്ക് കെഫോണിന്റെ പ്രാദേശിക പങ്കാളികളായ അട്ടപ്പാടി കേബിൾ വിഷൻ പ്രതിനിധികൾ കെഫോൺ വൈഫൈ മോഡം കൈമാറിക്കൊണ്ടായിരുന്നു പദ്ധതിയുടെ ഔപചാരിക തുടക്കം. ഗ്രാമീണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക, ഡിജിറ്റൽ ലോകത്തെ കുഞ്ഞു കൗതുകങ്ങൾ ആസ്വദിക്കുവാനുള്ള അവസരങ്ങൾ കുട്ടികൾക്കൊരുക്കുക, അധ്യാപകർക്ക് ഓൺലൈൻ പരിശീലനങ്ങളിലും സർക്കാരിന്റെ വിവിധ പദ്ധതികളിലും പങ്കെടുക്കാനുള്ള അവസരം വർധിപ്പിക്കുക തുടങ്ങിയവയാണ് കെഫോൺ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ജില്ലാ ഭരണകൂടം, പഞ്ചായത്ത്, കേബിൾവിഷൻ പ്രതിനിധികൾ എന്നിവരുടെ കൂട്ടായ സഹകരണത്തിലൂടെയാണ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നത്. 6 വയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം, ആരോഗ്യപരിശോധന, പ്രതിരോധ കുത്തിവയ്പ്പ്, പ്രീസ്കൂൾ വിദ്യാഭ്യാസം തുടങ്ങി വിവിധങ്ങളായ സേവനങ്ങൾ നൽകിവരുന്ന അംഗനവാടികളിൽ ഇന്റർനെറ്റ് സൗകര്യം കൂടി ഉറപ്പാക്കുന്നത് വഴി ആ സമൂഹത്തിന്റെ സമഗ്ര പുരോഗതി ഉറപ്പാക്കുന്നതിലെ നിർണായക ചുവടുവയ്പ്പാകും. നിലവിൽ 125548 ലേറെ കണക്ഷനുകളുമായി കെഫോൺ മുന്നോട്ട് കുതിക്കുകയാണ്. 2026 ആകുമ്പോഴേക്കും 2.5 ലക്ഷം ഉപഭോക്താക്കളെയാണ് കെഫോൺ ലക്ഷ്യമിടുന്നത്.

# നിസാൻ ടെക്ടോൺ: ഏറ്റവും പുതിയ സിഎസ്‌യുവി പുറത്തിറക്കി നിസാൻ

**കൊച്ചി:** നിസാൻ ടെക്ടോൺ തങ്ങളുടെ പുതിയ സിഎസ്‌യുവിയുടെ പേരും ഡിസൈൻ പ്രിവ്യൂവും പുറത്തിറക്കി നിസാൻ മോട്ടോർ ഇന്ത്യ. ഏറെ ആരാധകരുള്ള നിസാൻ എസ്‌യുവി പട്രോളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഏറ്റവും പുതിയ എസ്‌യുവിയായ നിസാൻ ടെക്ടോൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 'ശില്പി' അല്ലെങ്കിൽ 'വാസ്തുശില്പി' എന്ന അർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ടെക്ടോൺ എന്ന പേര് സ്വീകരിച്ചിരിക്കുന്നത്. എഞ്ചിനീയറിംഗ് മികവ്, പ്രകടനം, ഡിസൈൻ ഐഡന്റിറ്റി എന്നിവ ഉൾക്കൊള്ളുന്ന ശക്തമായ, പ്രീമിയം സിഎസ്‌യുവിയെ ഈ പേര് സൂചിപ്പിക്കുന്നു.




മുൻവശത്ത്, പട്രോളിനെ അനുസ്മരിപ്പിക്കുന്ന ശക്തമായ ബോണറ്റും സിആകൃതിയിലുള്ള ഹെഡ് ലാമ്പ് സിഗ്നേച്ചറും കമാൻഡിംഗും ഗംഭീരവുമായ കരുത്തുറ്റ ലോവർ ബമ്പറുമായി ജോടിയാക്കിയിരിക്കുന്നു. ഗംഭീരവും മസ്കുലർ ലുക്കും നൽകുന്ന സൈഡ് പ്രൊഫൈൽ, ഹിമാലയത്തിൽ നിന്ന് പ്രചോദനമെടുത്ത പർവതനിരകളുടെ രൂപരേഖ ഉൾക്കൊള്ളുന്ന ഡോറുകൾ, സി ആകൃതിയിലുള്ള ഡൈനാമിക് ടെയിൽലാമ്പുകളെ ബന്ധിപ്പിക്കുന്ന വീതിയിൽ വ്യാപിച്ചുകിടക്കുന്ന പുറകിലെ ലൈറ്റ്ബാർ, അതിനു താഴെയായി ടെക്ടോൺ നെയിംപ്ലേറ്റ് എന്നിവയെല്ലാം ഡിസൈൻ പ്രത്യേകതകളാണ്.

2026ൽ പൂർണ്ണമായി അനാച്ഛാദനം ചെയ്ത് വിൽപ്പന ആരംഭിക്കും. നിസാന്റെ വൺ കാർ, വൺ വേൾഡ് വരുന്ന രണ്ടാമത്തെ മോഡലായ ടെക്ടോൺ, ചെന്നൈയിലെ പ്ലാന്റിൽ ആയിരിക്കും നിർമാണം. ഇന്ത്യയിലെ വിൽപ്പനയ്ക്ക് പുറമെ ഭാവിയിൽ തിരഞ്ഞെടുത്ത ആഗോള വിപണികളിലേക്ക് കയറ്റുമതിയും ഉണ്ടാകും. രാജ്യത്ത് തങ്ങളുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും പോർട്ട്ഫോളിയോ വികസിപ്പിക്കുന്നതിനുമുള്ള നിസാൻ മോട്ടോർ ഇന്ത്യയുടെ പദ്ധതികളിൽ നിർണായക ചുവടുവെയ്പാണ് ടെക്ടോൺ. ഇതിന്റെ ഭാഗമായി, നിസാൻ മോട്ടോർ ഇന്ത്യ തങ്ങളുടെ ഡീലർഷിപ്പ് ശൃംഖല അതിവേഗം വികസിപ്പിക്കുകയാണ്.



# പ്രൈം വോളി: കളി കണ്ടും വിലയിരുത്തിയും നടി മംമത് മോഹൻദാസ്

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ സ്കാപിയയുടെ നാലാം സീസണിലെ കാലിക്കറ്റ് ഹീറോസിന് പിന്തുണയുമായി സ്റ്റേഡിയത്തിലെത്തി നടി മംമ്ത മോഹൻദാസ്. തിങ്കളാഴ്ച്ച മുംബൈ മിറ്റിയോഴ്സിനെതിരെ നടന്ന മത്സരം കാണാനാണ് സിനിമാ പ്രേമികളുടെ ഇഷ്ടനടി ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിലെത്തിയത്. മത്സരത്തിൽ കാലിക്കറ്റ് ഹീറോസ് തോറ്റെങ്കിലും ടീം തിരിച്ചുവരുമെന്ന ശുഭപ്രതീക്ഷയും താരം പങ്കുവച്ചു. കഴിഞ്ഞ വർഷത്തെ പിവിഎൽ ചാമ്പ്യന്മാരായ കാലിക്കറ്റ് ഹീറോസിനെക്കുറിച്ച് ഈ വർഷമാണ് താൻ അറിഞ്ഞതെന്നും, ടീമിനെ പിന്തുണയ്ക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു. ആദ്യ രണ്ട് സെറ്റുകൾ അനായാസം നേടിയ മുംബൈക്കെതിരെ മൂന്നാം സെറ്റിൽ കാലിക്കറ്റ് ശക്തമായി പോരാടിയിരുന്നു, ഇക്കാര്യവും മംമത ചൂണ്ടിക്കാട്ടി. ടീമിലെ സമീപകാലത്തെ മാറ്റങ്ങൾ ഹീറോസിനെ ബാധിച്ചതായി മംമ്ത പറയുന്നു. ഈ വർഷം ടീമിൽ അഴിച്ചുപണി ഉണ്ടായി, മൂന്ന് പ്രധാന കളിക്കാരെ നിലനിർത്തിയെങ്കിലും ഒരു നിർണ്ണായക ടീം ബിൽഡിങ് ആവശ്യമാണെന്നും അവർ പറഞ്ഞു. കോർട്ടിലെ കരുത്ത് വർധിപ്പിക്കാൻ കഴിയുന്ന ഒരു ടീംബിൽഡിങ് ശ്രമം നടത്തേണ്ടതുണ്ടെന്ന് ഞാൻ കരുതുന്നു. ഞങ്ങൾ ആ മേഖലയിൽ പിന്നിലാണ്സ്കൂൾ പഠനകാലത്ത് വോളിബോളും ബാസ്ക്കറ്റ്ബോളും കളിച്ചിട്ടുള്ള മംമ്ത വിലയിരുത്തി. കായികരംഗവും വിനോദവും തമ്മിലുള്ള സംയോജനത്തെക്കുറിച്ചും താരം സംസാരിച്ചു. എല്ലാം വിനോദമാണ്. ഈ മേഖലയിൽ ഇപ്പോൾ ധാരാളം ബിസിനസുമുണ്ട്. കായികരംഗം പോലും ഒരു ബിസിനസായി മാറിയെന്ന് അഭിപ്രായപ്പെട്ട താരം, ആളുകളെയും സംസ്കാരങ്ങളെയും ഒരു ഐക്യകണ്ഠമായ ആഘോഷത്തിൽ ഒരുമിപ്പിക്കാനുള്ള ഇത്തരം കൂടിച്ചേരലിനെയും പ്രസംശിച്ചു. തന്റെ സമീപകാല ഹിറ്റായ മഹാരാജയുടെ അതേ പ്രൊഡക്ഷൻ ഹൗസുമായി ചേർന്ന് ഒരു തമിഴ് ചിത്രം പൂർത്തിയാക്കിയ കാര്യം നടി സ്ഥിരീകരിച്ചു. അടുത്ത ആഴ്ച്ച ഔദ്യോഗിക ടൈറ്റിൽ പ്രഖ്യാപനം ഉണ്ടാവും, നവംബർ പകുതിയോടെ ചിത്രം റിലീസ് ചെയ്യുമെന്നും താരം വെളിപ്പെടുത്തി.

# ബേക്ക് എക്സ്പോ 12 വരെ

**കൊച്ചി:** ബേക്കേഴ്സ് അസോസിയേഷൻ കേരള സംഘടിപ്പിക്കുന്ന ബേക്ക് എക്സ്പോ 2025 ഒക്ടോബർ 12 വരെ അങ്കമാലി അഡ്‌ലക്സ് ഇൻററനാഷനൽ കൺവൻഷൻ സെൻററിൽ നടക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. എംഎസ്എംഇ ജോയിൻറ് ഡയറക്ടർ ആൻഡ് ഹെഡ് ജി.എസ്. പ്രകാശ് മുഖ്യാതിഥിയാകും. ബേക്കറി ഉടമകൾ, ജീവനക്കാർ, ഷെഫുകൾ, വിതരണക്കാർ, വ്യവസായികൾ, മൊത്തവിതരണക്കാർ, റീട്ടെയ്‌ലർമാർ എന്നിവർക്കു ബിസിനസ് മേഖലയിൽ ഏറെ പ്രയോജനകരമാകും എക്സ്പോയെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പ്രേംശങ്കർ, സംസ്ഥാന സെക്രട്ടറി എ. നൗഷാദ്, ജില്ലാ ജനറൽ സെക്രട്ടറി പി.എസ്. ശിവദാസ്, വി.പി. അബ്ദുൾസലിം, കെ.കെ. സരുൺ എന്നിവർ പറഞ്ഞു.

# ബിവിജി ഇന്ത്യ ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഇൻറഗ്രേറ്റഡ് ഫെസിലിറ്റി മാനേജ്മെൻറ് (ഐഎഫ്എം) സേവന ദാതാവായ ബിവിജി ഇന്ത്യ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 300 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 2.85 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# ലെക്സസ് ഇന്ത്യക്ക് ആർഎക്സ് എസ്‌യുവി വിഭാഗത്തിൽ മികച്ച നേട്ടം

**കൊച്ചി:** ലെക്സസ് ഇന്ത്യ ആർഎക്സ് എസ്‌യുവി വിഭാഗത്തിൽ ഈ വർഷം മികച്ച നേട്ടം കൈവരിച്ചു. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ വർഷം ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കലണ്ടർ വർഷത്തിൽ വിൽപ്പനയിൽ 18% വർധനവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ വർഷത്തെ സെപ്റ്റംബറിനെ അപേക്ഷിച്ച് ഈ സെപ്റ്റംബറിൽ ആർഎക്സ് 38% വളർച്ച രേഖപ്പെടുത്തി. കഴിഞ്ഞ സെപ്റ്റംബറിനെ അപേക്ഷിച്ച് ഈ സെപ്റ്റംബറിൽ എൻഎക്സ്, ആർഎക്സ്, എൽഎക്സ് എന്നിവ ചേർന്ന് എസ്‌യുവി ശ്രേണിയിൽ 58% വളർച്ച രേഖപ്പെടുത്തി. ഈ സെപ്റ്റംബറിലെ ബ്രാൻഡുകളുടെ മൊത്തത്തിലുള്ള വിൽപ്പനയുടെ ഏകദേശം 54% എസ്‌യുവി വിഭാഗങ്ങളാണ് സംഭാവന ചെയ്തതെന്ന് ലെക്സസ് വ്യക്തമാക്കുന്നു. ഉയർന്ന കാര്യക്ഷമതയും പ്രതികരണശേഷിയുമുള്ള 2.5 ലിറ്റർ ഇൻലൈൻ 4സിലൈനർ എഞ്ചിനും ഉയർന്ന ഔട്ട്പുട്ട് മോട്ടോറും സംയോജിപ്പിച്ച് ഹൈബ്രിഡ് സിസ്റ്റം ഒരുക്കുന്ന ആർഎക്സ് 350എച്ച് എന്ന രണ്ട് വകഭേദങ്ങളിലാണ് ആർഎക്സ് വരുന്നത്. അതേസമയം ആർഎക്സ് 500വ എഫ് സ്പോർട്ടിൽ 2.4 ലിറ്റർ ടർബോചാർജ്ഡ് എഞ്ചിൻ, മോട്ടോർ, 6സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ, ഇആക്സിൽ എന്നിവ ലഭ്യമാണ്. വികസിച്ചുകൊണ്ടിരിക്കുന്ന ജീവിതശൈലികളും വൈവിധ്യമാർന്ന മൊബിലിറ്റി സൊലൂഷനുകളോടുള്ള മാറുന്ന മുൻഗണനയും നയിക്കുന്ന ഇന്ത്യയിലെ ആഡംബര എസ്‌യുവി വിഭാഗം ശ്രദ്ധേയമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുന്നതായി ലെക്സസ് ഇന്ത്യ പ്രസിഡന്റ് ശ്രീ. ഹികാരു ഇക്യൂച്ചി പറഞ്ഞു. ഇതിനിടെ താങ്ങാനാവുന്ന വിലയും ഫ്ളെക്സിബിലിറ്റിയും ഉപയോഗിച്ച് ആഡംബര കാർ ഉമയാകുന്നതിന് സഹായിക്കുന്ന സ്മാർട്ട് ഓണർഷിപ്പ് പ്ലാൻ അടുത്തിടെ ലെക്സസ് ഇന്ത്യ പ്രഖ്യാപിച്ചിരുന്നു.

# മാൻ കാൻകോർ സിഇഒ ഡോ. ജീമോൻ കോര ഇഫിയാറ്റ് ചെയർമാൻ



**കൊച്ചി:** ആഗോളതലത്തിലെ മുൻനിര സ്പൈസ് എക്സ്ട്രാക്ഷൻ കമ്പനിയായ മാൻ കാൻകോറിന്റെ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ജീമോൻ കോരയെ ഇഫിയാറ്റിന്റെ (ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് എസൻഷ്യൽ ഓയിൽസ് ആൻഡ് അരോമ ട്രേഡ്സ്) പുതിയ ഗ്ലോബൽ ചെയർമാനായി തിരഞ്ഞെടുത്തു. മൂന്ന് വർഷത്തേക്കാണ് നിയമനം. സുഗന്ധതൈലങ്ങൾ, അരോമ കെമിക്കലുകൾ, അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം, സംസ്കരണം, വ്യാപാരം തുടങ്ങിയ മേഖലകളിലെ ആഗോള കമ്പനികളെ പ്രതിനിധീകരിക്കുന്ന ഉന്നത സംഘടനയാണ് ഇഫിയാറ്റ്.
ആഗോളതലത്തിൽ സങ്കീർണ്ണമായ നിയന്ത്രണങ്ങൾ, കാലാവസ്ഥാ വ്യതിയാനം, വിപണിയിലെ അസ്ഥിരത തുടങ്ങിയ കടുത്ത വെല്ലുവിളികളെ വ്യവസായം അഭിമുഖീകരിക്കുന്ന നിർണായക ഘട്ടത്തിലാണ് അദ്ദേഹം ചെയർമാനായി ചുമതലയേറ്റത്.
സുസ്ഥിരത, നൂതനാശയങ്ങൾ, സഹകരണം എന്നിവയ്ക്ക് ഊന്നൽ നൽകി വ്യവസായത്തെ മുന്നോട്ട് നയിക്കുമെന്ന് ചുമതലയേറ്റ ശേഷം ഡോ. ജീമോൻ പറഞ്ഞു. വെല്ലുവിളികളെ കൂട്ടായ മുന്നേറ്റത്തിനുള്ള അവസരങ്ങളാക്കി മാറ്റും. എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രതിസന്ധികളെ അതിജീവിക്കാൻ ശേഷിയുള്ളതും കൂട്ടായ വളർച്ച ഉറപ്പാക്കുന്നതുമായ ഒരു പ്രവർത്തന ശൈലിക്കായിരിക്കും മുൻഗണന നൽകുക. ഇഫിയാറ്റ് കോൺഫറൻസിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ തന്റെ പ്രവർത്തനങ്ങൾക്ക് കരുത്താകുമെന്നും അദ്ദേഹം പറഞ്ഞു.



# ജെയിൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് റിസർച്ച് വയവ്യ ലാബ്സുമായി ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി** കർണാടകയിലെ ബെലഗാവി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാജ്യത്തെ പ്രമുഖ എൻജിനീയറിംഗ് കോളേജായ ജെയിൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് റിസർച്ച് (ജെസിഇആർ), എംബഡഡ് സോഫ്റ്റ്വെയർ, സെമികണ്ടക്ടർ സൊല്യൂഷനുകൾ എന്നിവയിൽ ആഗോളതലത്തിൽ മുൻനിരയിലുള്ള വയവ്യ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവച്ചു, ഈ സഹകരണത്തിന്റെ ഭാഗമായി, ഉയർന്ന പ്രകടനമുള്ള കമ്പ്യൂട്ടിംഗ്, എഐ/എംഎൽ പരീക്ഷണം, ഡീപ്ടെക് ഇൻഫ്രാസ്ട്രക്ചർ എന്നിവ വിദ്യാർത്ഥികൾക്ക് നേരിട്ട് ലഭ്യമാക്കുന്ന അത്യാധുനിക എൻവിഐഡിഐഎ കമ്പ്യൂട്ടിംഗ് സെന്ററും ജെസിഇആർ ഉദ്ഘാടനം ചെയ്തു.

ധാരണാപത്രത്തിലൂടെ ജെസിഇആർ വയവ്യ ലാബ്സിൽ നിന്ന് ഫാക്കൽറ്റി വികസനം, പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ, എഐ/എംഎൽ പോലുള്ള വിദ്യാർത്ഥി പരിശീലനം.തുടങ്ങിയവയിൽ സേവനം തേടും. ജെസിഇആർ സ്ഥിതിചെയ്യുന്ന ബെലഗാവിൽ ഒരു ഇന്നൊവേഷൻ ഇക്കോസിസ്റ്റം നിർമ്മിക്കാനും ഗസ്റ്റ് ലെക്ചറുകൾ, മെന്റർഷിപ്പ്, ഹാക്കത്തോണുകൾ തുടങ്ങിയ സംരംഭങ്ങളും കരാറിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ സെമികണ്ടക്ടർ മേഖലയിലെ വർദ്ധിച്ചുവരുന്ന നൈപുണ്യ വിടവ് നേരിട്ട് പരിഹരിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

വയവ്യ ലാബ്സുമായുള്ള ഈ സഹകരണം സെമികണ്ടക്ടർ സോഫ്റ്റ്വെയറിലും ഗവേഷണ വികസനത്തിലും വിദ്യാർത്ഥികളെ സജ്ജമാക്കാനുള്ള ജെസിആറിന്റെ ശേഷി വർദ്ധിപ്പിക്കുകയും ശക്തമായ നവീകരണാധിഷ്ഠിത പഠനം വളർത്തിയെടുക്കുന്നതിന് സഹായിക്കുകയും ചെയ്യുമെന്ന് സിഎസ്ഇ (എഐഎംഎൽ) വകുപ്പ് പ്രൊഫസറും മേധാവിയുമായ ഡോ. പ്രകാശ് കെ. സോൻവാൾക്കർ പറഞ്ഞു.

സെമിക്കണ്ടക്ടർ വ്യവസായം ഒരു പരിവർത്തന ഘട്ടത്തിലാണെന്നും ഇക്കാര്യത്തിൽ ഇന്ത്യയിലെ യുവജനങ്ങളിൽ വലിയ സാധ്യതകൾ കാണുന്നതായും വായവ്യ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ എഞ്ചിനീയറിംഗ് മാനേജർ വരുൺ പാട്ടീൽ പറഞ്ഞു.

